സെൻട്രൽ ഗവണ്മെണ്ടിന്റെ സബ്സിഡി കാര്യത്തിൽ ഗവണ്മെണ്ട് വല്ല പ്രഖ്യാപനവും ചെയ്തിട്ടുണ്ടോ ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ഇടപ്പള്ളി ഡിസ്പെൻസറി

*൪൧൨. (൩൨) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മരു കൊല്ലത്തിനുള്ളിൽ ഏതെങ്കിലും ഗവണ്മെണ്ട് ഡിസ്പെൻസറി നിറുത്തലാക്കിയിട്ടുണ്ടോ ;

(ബി) ഇടപ്പള്ളി ബൈ വീക്കിലി ഡിസ്പെൻസറി നിറുത്തലാക്കുവാൻ കാരണമെന്തു് ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഇടപ്പള്ളി ബൈ വീക്കിലി ഡിസ്പെൻസറി ജനങ്ങൾ വാടകകൂടാതെ നൽകിയ ഒരു കെട്ടിടത്തിലാണു് ഡിസ്പെൻസറി നടത്തിയിരുന്നതു്. ഈ കെട്ടിടത്തിന്റെ ഉടമസ്ഥൻ സ്ഥലം മടക്കികിട്ടണമെന്നാവശ്യപ്പെട്ടു. കെട്ടിടത്തിനു വാടക കൊടുക്കുവാനൊ, വേറൊരു കെട്ടിടം ഡിസ്പെൻസറിക്കു വേണ്ടി തരുവാനൊ ജനങ്ങൾ സന്നദ്ധരായിരുന്നില്ല. അതുകൊണ്ടു് ഈ ഡിസ്പെൻസറി നിറുത്തുകയാണുണ്ടായതു്.

DISPENSARIES

*413. [36] **Sri. Eapen Arakkal:** Will the Hon'ble Minister for Finance be pleased to state.—

(*a*) do the Government propose to open any new dispensary or hospital in the State this year (1951);

(*b*) if so, in what all places will such dispensaries or hospitals be opened; and

(*c*) what amount has been set apart in the Budget under this head?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*)

Dispensaries

1. Anjengo.
2. Cherpu.
3. Perumpalam.
4. Vengoor.
5. Puthenchira.
6. Paripally.
7. Kaniakulangara.
8. Niranom.
9. Airoor.
10. Kumarapuram.
11. Kizhakken Othera.
12. Veli.

Hospitals

Women and Children's Hospital at Alleppey.

(*c*) The amount may be noted from the budget of 1951-52.

INTEGRATION OF TRAVANCORE AND COCHIN SECRETARIAT

*414. [38] **Sri. Sree V. Das:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the integration of Travancore and Cochin Secretariat has been completed and if not how long it will take;

LIBRARY ARCHIVES Kerala Legislative Assembly

(*b*) whether Mr. Gopalaswamy from Madras submitted any proposal regarding integration and what action taken thereon;

(*c*) whether Mr. Ramunni Nayar was asked to review or revise Mr. Gopalaswamy's proposals;

(*d*) whether Mr. Ramunni Nayar has submitted any report and if not how long will it take for him to finalise his proposals?

Chief Minister **(Sri. C. Kesavan):**

(*a*) The integration of Travancore-Cochin Secretariat has been completed. The integration of services in the Secretariat has not been completed, and it may take some more time.

(*b*) Yes. Government have approved certain general principles for purposes of integration.

(*c*) & (*d*) No. He is proceeding with the actual integration and his proposals are under consideration.

എം. എൽ. എ. മാരുടെ ചോദ്യങ്ങൾ

*൪൨൩. (നമ്പർ) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അസംബ്ലിയിൽ മെമ്പറന്മാരുടെ ചോദ്യങ്ങൾക്കു ഉത്തരം നൽകുന്നതു സംബന്ധിച്ചു ഗവൺമെണ്ടിലേക്കു വല്ല ചെലവും ഉണ്ടാകുന്നുണ്ടോ, എങ്കിൽ അതു എങ്ങനെയെന്നും, ഏതെല്ലാം ഇനങ്ങളിലെന്നും വ്യക്തമാക്കുമോ;

(ബി) ചെലവുണ്ടാകുന്നുണ്ടെങ്കിൽ ൧൯൫൭ ഒക്ടോബർ മുതൽ ൧൯൫൮ ആരംഭിച്ചു നവമ്പർ ൧൯൫൯ അവസാനിച്ച സമ്മേളനത്തിൽ അതുസംബന്ധിച്ചു എന്തു ചെലവുവന്നിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വു്. പോസ്റ്റേജു്, ടെലഫോൺ, ടെലഗ്രാഫു് എന്നീ ഇനങ്ങളിൽ ചിലവുവരുന്നുണ്ടു്.

(ബി) പ്രത്യേക കണക്കുകൾ ഒന്നും വച്ചിട്ടില്ല.

കളവായി കൊണ്ടുപോയ നെല്ലു്

*൪൨൪. (൪൦) സാഹിബു് ബഹദൂർ വി. ചേലാദി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പാഴൂർ ചിറക്കൽപാലത്തിനു സമീപംവച്ചു് വണ്ടിയിൽ കയറ്റി പോയിരുന്ന ഉദ്ദേശം ൪൭ പറ നെല്ലു് മുതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പിടിക്കുകയുണ്ടായോ;

(ബി) ഈ നെല്ലു് അവിടെനിന്നു കൊണ്ടുപോയിരുന്നവരുടെ അനുഭവത്തിലുണ്ടോ;

(സി) വല്ല കേസും ഇതിനെപ്പറ്റി ചാർജ്ജു് ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൬—൫൭—ൽ ഒരു വള്ളത്തിൽ ൪൪.൪ പറ നെല്ലു് അനധികൃതമായി കൊണ്ടുപോകുമ്പോൾ ഫ്ലയിൻപർച്ചേസു് ഫീൽഡു് സ്ക്വാഡു് പിടിക്കയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly